(ഡി) കൈത്തറി വസ്ത്രങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന സ്ഥാപനങ്ങളായ ഹാന്റ്ക്സിൽ ഏകദേശം 37 കോടി രൂപയുടേയും ഹാൻവീവിൽ 18 കോടി രൂപയുടേയും തുണിത്തരങ്ങൾ സ്റ്റോക്കുണ്ട്.

(ഇ) ഹാന്റെക്സ് ഈ വർഷം അവരുടെ നിലവിലുള്ള വില്പനശാലകൾ വഴിയും, പുതിയ 72 പ്രദർശന വില്പന ശാലകളിലൂടെയും വിപണനം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഹാൻവീവിന്റെ മൊത്തം സ്റ്റോക്കിൽ പഴക്കമുള്ള 10% സ്റ്റോക്ക് പ്രത്യേക കിഴിവു നൽകി വിറ്റു തീർക്കാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ എടുത്തുവരുന്നു. വിപണനത്തിനായുള്ള പ്രദർശന വില്പനകളിലും എക്സ്പോകളിലും ഈ സ്ഥാപനങ്ങളും കൈത്തറി സഹകരണ സംഘങ്ങളും പങ്കെടുക്കുന്നുണ്ട്.

29 (531) പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഇവയിൽ ഏതെല്ലാം തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(സി) ഇവ വീണ്ടും പ്രവർത്തനമാരംഭിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായം നൽകി;

(ഡി) ഇപ്പോൾ ഈ വ്യവസായങ്ങളുടെ നിലയെന്താണ്;

(ഇ) ഇവ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) പേരുവിവരം അനുബന്ധമായി വച്ചിച്ചുണ്ട്†

(ബി) വ്യവസായവകുപ്പിന്റെ കീഴിലുള്ള പുനരുദ്ധരിക്കാൻ സാധിക്കുന്ന കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡും, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ ' വൈറ്റമിൻ എ' ഡിവിഷനും തുറന്നു പ്രവർത്തനമാരംഭിക്കുകയുണ്ടായി. കഴക്കൂട്ടത്തുള്ള കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽ യു.എൻ.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

(സി) ഈ കമ്പനികളുടെ പുനരുദ്ധാരണത്തിനുവേണ്ടി സമർപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിക്കുകയും താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേരളാ സോപ്സ് ആന്റ്
ഓയിൽസ് ലിമിറ്റഡ് - 900 ലക്ഷം രൂപ.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ്
ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ - 589.05 ലക്ഷം രൂപ

'എ' ഡിവിഷൻ

കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ്
ആന്റ് കെമിക്കൽസ് ലിമിറ്റഡ് - 25.00 ലക്ഷം രൂപ

(ഡി)&(ഇ) ദീർഘകാലം അടഞ്ഞുകിടന്ന സ്ഥാപനങ്ങൾ വീണ്ടും പ്രവർത്തനക്ഷമമാകുമ്പോഴുള്ള പ്രാരംഭ പ്രശ്നങ്ങൾ ഉണ്ടെങ്കിലും അവ പരിഹരിച്ചുകൊണ്ടിരിക്കുന്നു.

30 (532) ഫാക്ടിന്റെ പ്രവർത്തനം

ശ്രീ. പി. വിശ്വൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടിന്റെ കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന ഗോഡൗൺ പൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം ലാഭകരമാക്കാൻ ആവശ്യമായ നടപടി സർക്കാർ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഫാക്ടിന്റെ കൊയിലാണ്ടി ഡിപ്പോയിലെ വില്പന വളരെ കുറവായതിനാൽ കമ്പനി പ്രസ്തുത ഡിപ്പോ പൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

31 (533) ടെക്നോപാർക്കിന്റെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) ടെക്നോ പാർക്കിൽ പ്രവർത്തനം ആരംഭിച്ച ഇന്റർ നാഷണൽ ബിസിനസ് സർവീസ് ഗ്രൂപ്പിലൂടെ എത്ര വിദേശ കമ്പനികളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ടെക്നോ പാർക്കിന്റെ വിപുലീകരണത്തിലൂടെ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദമായ ഒരു ഇൻഫർമേഷൻ ടെക്നോളജി നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുവഴി ടെക്നോ പാർക്കിനു കാര്യമായ പുരോഗതിയുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly